# കേരളത്തിലെ നീർപക്ഷികൾ

തടാകങ്ങൾ, നദികൾ, ജലസംഭരണികൾ, തണ്ണീർത്തടങ്ങൾ തുടങ്ങിയ ശുദ്ധജല സ്രോതസ്സുകൾക്ക് സമീപം ജീവിക്കുന്ന, താരതമ്യേന വലിപ്പം കൂടിയതും വ്യത്യസ്തത പുലർത്തുന്നതുമായ പക്ഷികളുടെ വിഭാഗമാണ് നീർപക്ഷികൾ അഥവാ ജലപക്ഷികൾ. എന്നാലും നല്ലൊരു ശതമാനം കടൽ പക്ഷികളേയും പല തീരദേശ പക്ഷികളേയും ഈ തണ്ണീർ പ്രദേശങ്ങളിൽ പലപ്പോഴും കാണാവുന്നതാണ്. താറാവുകൾ, മുങ്ങാങ്കോഴികൾ, കൊതുമ്പന്നങ്ങൾ, നീർകാക്കകൾ, ചേരക്കോഴികൾ, കൊക്കുകൾ, ഐബിസുകൾ, ചട്ടുകകൊക്കൻ, മുണ്ടികൾ, തുടങ്ങി വിവിധയിനത്തിൽപ്പെട്ട അനേകം പക്ഷികൾ ഉൾപ്പെടുന്ന വിഭാഗമാണ് നീർപക്ഷികൾ. വിരലുകൾ പാടപോലുള്ള തൊലികൊണ്ട് ബന്ധിക്കപ്പെട്ടിരിക്കുന്നതും പാദവും, ജലത്തിൽ നീന്താൻ അനുയോജ്യമായ കാലുകളും, നീണ്ട കൊക്കുകളും, നീന്താനുള്ള കഴിവുമാണ് നീർപക്ഷികളുടെ ശാരീരിക സവിശേഷതകൾ.

ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് പക്ഷികളെക്കുറിച്ചുള്ള പഠനങ്ങൾ ഏറ്റവും അധികം നടന്നിട്ടുള്ള സംസ്ഥാനമാണ് കേരളം. ദേശാടനപക്ഷികൾ ഉൾപ്പെടെ 150 ലേറേ നീർപക്ഷികൾ കേരളത്തിൽ കാണപ്പെടുന്നു. കേരളത്തിലെ മൂന്ന് റംസാർ മേഖലകളിൽ ഒന്നായ വേമ്പനാട് - കോൾ തണ്ണീർത്തടം നാല് ജില്ലകളിലായി വ്യാപിച്ചു കിടക്കുന്ന കേരളത്തിലെ ഏറ്റവും വലിയ അഴിമുഖങ്ങളിലൊന്നാണ്. കേരളത്തിൽ കണ്ടുവരുന്ന നീർപക്ഷികളിൽ 85 ശതമാനവും ഇവിടെ കണ്ടുവരുന്നു. ബേർഡ് ലൈഫ് ഇന്റർനാഷണൽ എന്ന സംഘടന ഈ മേഖലയെ പ്രധാന പക്ഷി പ്രദേശം (Important Bird Area IBA) ആയി പ്രഖ്യാപിച്ചിരിക്കുന്നു. കൊറ്റികൾ അല്ലെങ്കിൽ കൂട്ടമായി വസിക്കുന്ന വലിയ നീർപക്ഷികൾ തലമുറകളായി വസിക്കുകയും കൂടുകൂട്ടി കുഞ്ഞുങ്ങളെ വളർത്തിയെടുക്കുകയും ചെയ്യുന്ന സ്ഥലങ്ങളായ കൊറ്റില്ലങ്ങൾ ആരോഗ്യമുള്ള തണ്ണീർത്തട മേഖലയുടെ സൂചകങ്ങളാണ്. കേരളത്തിൽ പാലക്കാടും അതു കഴിഞ്ഞാൽ തൃശ്ശൂർ, തിരുവനന്തപുരം, ആലപ്പുഴ, കോഴിക്കോട് എന്നിവിടങ്ങളിലുമാണ് വളരെയധികം കൊറ്റില്ലങ്ങൾ കണ്ടുവരുന്നത്. ഇന്ത്യയിൽ പ്രജനനം നടത്തുന്ന ഇരുപത്തിയാറ് വലിയ നീർപക്ഷികളിൽ, വലിയ നീർകാക്ക - Great Cormorant – (*Phalacrocorax carbo*), കിന്നരി നീർക്കാക്ക- Indian shag –(*Phalacrocorax fuscicollis*), ചെറിയ നീർകാക്ക- Little Cormorant (*Microcarbo niger*), ചേരക്കോഴി Oriental Darter –(*Anhinga melanogaster*), പാതിരാകൊക്ക് - Night Heron –(*Nycticorax nycticorax*), കുളകൊക്ക് - Pond Heron – (*Ardeola grayii*), ചിന്നമുണ്ടി - Little Egret – (*Egrette garzetta*), ചെറുമുണ്ടി - Median Egret – (*Mesophoyx intermedia*), പെരുമുണ്ടി - Great Egret – (*Ardea alba*), ചായമുണ്ടി - Purple Heron – (*Ardea purpurea*), ചാരമുണ്ടി - Grey Heron- (*Ardea cinerea*), ചേരാകൊക്കൻ - Asian Openbill Stork – (*Anastomus oscitans*), കരിംകൊക്ക് - Woolly necked Stork –(*Ciconia episcopus*), കഷണ്ടി കൊക്ക് - Black Headed Ibis–(*Threskiornis melanocephalus*), എന്നിവ കേരളത്തിൽ കൂടുകെട്ടുന്നതായി കണ്ടുവരുന്നു.

വിനോദത്തിനും, മാംസത്തിനും വേണ്ടിയുള്ള വേട്ടയാടൽ, കീടനാശിനികളുടെ അമിത ഉപയോഗം, ആവാസ വ്യവസ്ഥയുടെ ശോഷണം എന്നിവ കാരണം നീർപക്ഷികളുടെ എണ്ണത്തിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ട്.

## ചെറിയ നീർകാക്ക

Little Cormorant (*Microcarbo niger*)

കടൽപക്ഷികൾ ഉൾപ്പെടുന്ന Cormorant കുടുംബത്തിലെ ഒരംഗമാണ് ചെറിയ നീർകാക്ക. ഇവ മിക്ക സമയത്തും ചെറുകൂട്ടങ്ങളായാണ് ഇരതേടുന്നതെങ്കിലും പലപ്പോഴും ഒറ്റയ്ക്കും വെള്ളത്തിൽ മുങ്ങാങ്കുഴിയിടുന്നത് കാണാം. ഇതിന്റെ ദേഹം പ്രജനനകാലത്ത് തിളക്കമുള്ള കറുത്ത നിറത്തിൽ കാണപ്പെടുന്നു. ഈ പക്ഷികൾ സാധാരണ കൂട്ടമായിട്ടാണ് മരങ്ങളിൽ കൂടുകെട്ടുന്നത്. പലപ്പോഴും മറ്റു നീർകാക്കകളോടൊപ്പം ഇവ ഒരേ സമയത്ത് ഒരേ കൊറ്റില്ലങ്ങളിൽ പ്രജനനം നടത്തുന്നതും കാണാവുന്നതാണ്. വെള്ളത്തിൽ മുങ്ങാങ്കുഴിയിട്ടാണ് മുഖ്യമായും ആഹാരം സമ്പാദിക്കുന്നത്. നവംബർ മുതൽ ഫെബ്രുവരി വരെയുള്ള മാസങ്ങളാണ് തെക്കേ ഇന്ത്യയിൽ ഇവയുടെ പ്രജനനകാലം. വിശ്രമവേളകളിൽ ജലാശയങ്ങളോടു ചേർന്നുള്ള പാറകളിലോ, മരങ്ങളിലോ, മരക്കുറ്റികളിലോ ശരീരം ഉണക്കാനായി ചിറക് വിടർത്തിപിടിച്ചിരിക്കുന്ന സ്വഭാവം ഇവയ്ക്കുണ്ട്.

## കുളക്കോഴി

White breasted Waterhen (*Amaurornis phoenicurus*)

ചെറിയൊരു പിടക്കോഴിയുടെ വലുപ്പമുള്ള ഈ പക്ഷിയെ വെളുത്ത മുഖം, കഴുത്ത്, മാറിടം, ദേഹത്തിന്റെ മങ്ങിയ നിറം, വാലിനടിയിലെ തവിട്ടുകലർന്ന ചുവപ്പുനിറം എന്നിവ പെട്ടെന്ന് തിരിച്ചറിയാൻ സഹായിക്കുന്നു. കുളക്കരയിലും, പുഴയോരത്തും, വയലുകൾക്ക് സമീപവും ധാരാളം പൊന്തകളുമുള്ളിടത്ത് ഇവയെ ഒറ്റയ്ക്കും ഇണ ചേർന്നും ഇരതേടി നടക്കുന്നത് കാണാവുന്നതാണ്. ജൂൺ മുതൽ ഒക്ടോബർ വരെയാണ് ഇവയുടെ പ്രജനനകാലം.

## ചേരക്കോഴി

Oriental Darter (*Anhinga melanogaster*)

കറുത്ത് നീർകാക്കയെപ്പോലെ കാണപ്പെടുന്നതും, കഴുത്ത് നീണ്ട് നേർത്ത എസ് ആകൃതിയിലുള്ളതുമായ പക്ഷിയാണ് ചേരക്കോഴി. കൂർത്തു നീണ്ട കൊക്കും വെള്ളത്തിനുള്ളിൽ ശരവേഗത്തോടെ സഞ്ചരിക്കുവാൻ പറ്റിയ ഒതുങ്ങിയ രൂപവുമാണ് ദേഹത്തിന്. ഇവ നീർകാക്കയെപ്പോലെ വെള്ളത്തിൽ മുങ്ങാങ്കുഴിയിട്ടാണ് ആഹാരം സമ്പാദിക്കുന്നത്. മത്സ്യത്തെ പിടിച്ചശേഷം വിഴുങ്ങുന്നതിന് മുമ്പ് ഉപരിതലത്തിൽ വന്ന് ഇരയെ അന്തരീക്ഷത്തിൽ എറിഞ്ഞു പിടിക്കുന്ന സവിശേഷ സ്വഭാവം ഇവ പ്രദർശിപ്പിക്കാറുണ്ട്. ചേരക്കോഴി വെള്ളത്തിൽ നീന്തുമ്പോൾ തലയും കഴുത്തും മാത്രമേ ജലനിരപ്പിന് മുകളിൽ കാണുകയുള്ളൂ. അതിനാലാണ് ഇവയ്ക്ക് ഈ പേര് ലഭിച്ചത്. നീർകാക്കയെപ്പോലെ നനവു തട്ടുന്ന ചിറകുകളാണ് ഇവയ്ക്കുള്ളത്. അതിനാൽ ഇടയ്ക്കിടയ്ക്ക് ഇവ ചിറകുകൾ ഉണക്കാൻ പാറയിലോ മരക്കുറ്റിയിലോ ചിറകുവിടർത്തി ഇരിക്കുക പതിവാണ്. ഒറ്റയ്ക്കോ, കൂട്ടമായോ ഇവ കാണപ്പെടാറുണ്ട്. കേരളത്തിലെ സ്ഥിരവാസികളായ പക്ഷികളിൽ ഒന്നാണിവ.

## കുളകൊക്ക്

Indian Pond Heron (*Ardeola grayii*)

സർവ്വവ്യാപിയായ കൊക്കുവർഗ്ഗക്കാരാണ് കുളകൊക്ക്. താരതമ്യേന വലിപ്പം കുറഞ്ഞ ഇവ ഒരു സ്ഥലത്തിരിക്കുമ്പോൾ ദേഹം മുഴുവൻ ഭംഗി കുറഞ്ഞ കടും തവിട്ടു നിറത്തിൽ കാണപ്പെടുന്നു. എന്നാൽ പറന്ന് തുടങ്ങുമ്പോൾ ചിറകുകൾക്കും വാലിനും തൂവെള്ളനിറം കൈവരുന്നു. പ്രജനന കാലമടുക്കുമ്പോൾ ഇവയുടെ നിറം മാറുക പതിവാണ്. കഴുത്തും അടിഭാഗങ്ങളും കൂടുതലും വെള്ളയും, പുറം നല്ല ഭംഗിയുള്ള ചെമ്പൻ നിറവുമായി തീരുന്നു. വാലുപോലെയുള്ള വെള്ളത്തൂവലുകൾ തലയിൽ നിന്നും മുതുകു വരെ നീണ്ടു കിടക്കും. കൊക്കിൽ പച്ചയും മഞ്ഞയും കാലിൽ ചുവപ്പും ഇക്കാലത്ത് മാത്രം കാണുന്ന നിറങ്ങളാണ്. പൂവനും പിടയും കാഴ്ചയിൽ വ്യത്യാസമില്ല. തവള, മത്സ്യം, ഞണ്ട്, പ്രാണികൾ ഇവയാണ് കുളക്കൊക്കിന്റെ പ്രധാന ആഹാരം. കേരളത്തിൽ ഇവ സർവ്വസാധാരണമാണ്. സാധാരണ ഒറ്റയ്ക്ക് ഇരപിടിച്ചു നടക്കുന്ന ഇവ തണ്ണീർത്തടങ്ങളിൽ ഒരുമിച്ച് തീറ്റതേടുന്നത് കാണാൻ കഴിയും.

## കാലിമുണ്ടി

Cattle Egret (*Bubulcus ibis*)

ലോകത്തിലെ ഉഷ്ണ, മിതോഷ്ണ മേഖലകളിൽ സാധാരണയായി കണ്ടുവരുന്ന ഒരിനം കൊക്കാണ് കാലിമുണ്ടി. പ്രജനന കാലത്ത് തല, കഴുത്ത്, മാറിടം, പുറം എന്നിവയെല്ലാം ഇളം ഓറഞ്ച് നിറമായിരിക്കും. മറ്റ് കൊറ്റി വർഗ്ഗങ്ങൾക്കൊന്നും ഇല്ലാത്ത ഒരു പ്രത്യേകത

യാണിത്. ഏത് കാലത്തും ഇവയ്ക്ക് മഞ്ഞകൊക്കും കണങ്കാലും പാദവും ഒരേ നിറത്തിലും കാണപ്പെടുമെന്നതിനാൽ ഇവയെ മറ്റ് കൊറ്റികളിൽ നിന്നും പെട്ടെന്ന് തിരിച്ചറിയാൻ കഴിയും. പ്രജനന കാലത്ത് മറ്റ് നീർപക്ഷികളോടൊപ്പം ഇവയെ കൂട്ടമായി തണ്ണീർത്തടങ്ങൾക്ക് സമീപമുള്ള കൊറ്റില്ലങ്ങളിൽ കാണാം. കന്നുകാലികളെ ചുറ്റിപ്പറ്റി ഇവ കാണപ്പെടുന്നു. പുല്ലു തിന്നുന്ന മൃഗങ്ങൾ നടന്നുനീങ്ങുമ്പോൾ ചാടി രക്ഷപ്പെടുവാൻ ശ്രമിക്കുന്ന പ്രാണികളാണ് കാലിമുണ്ടിയുടെ പ്രധാന ആഹാരം.

## ചായമുണ്ടി

Purple Heron (*Ardea purpurea*)

മുണ്ടി വർഗ്ഗത്തിലെ നീർപ്പക്ഷിയായ ചായമുണ്ടിക്ക് മെലിഞ്ഞു നീണ്ടുവളഞ്ഞ കഴുത്തും, തലയിലും കഴുത്തിലും ചെമ്പിച്ച തവിട്ടു നിറവും, പുറവും ചിറകുകളും ഇരുണ്ടതും കടുത്ത ചാരനിറത്തിലുള്ളതും, കണ്ണിനിരുവശത്തും കറുത്തവരകളും, മഞ്ഞനിറത്തോടുകൂടിയ കണ്ണുകളും, മഞ്ഞ കലർന്ന തവിട്ടുനിറത്തോടുകൂടിയ കാലുകളും ഇവയുടെ പ്രത്യേകതകളാണ്. ഇരതേടുമ്പോൾ പതുങ്ങിനിന്ന് കൂർത്തുനീണ്ട കൊക്കുകൾ കൊണ്ട് കൃത്യതയോടെ അവയെ കൊത്തിയെടുക്കുന്നതാണ് ചായമുണ്ടിയുടെ രീതി. നമ്മുടെ നാട്ടിൽ കൂടുകൂട്ടുന്ന ഇവയുടെ ശിരസ്സിലും കഴുത്തിലും പ്രജനനകാലത്ത് കിന്നരിത്തൂവലുകൾ കാണപ്പെടുന്നു.

## നാടൻ താമരക്കോഴി

Bronze winged jacana (*Metopidius indicus*)

താരതമ്യേന വലിപ്പമുള്ളതും, നീണ്ടകാലും നഖങ്ങളും, തിളക്കമുള്ള കറുത്ത തലയും കഴുത്തും, പച്ചകലർന്ന തവിട്ടു നിറമുള്ള ദേഹവും, ചെങ്കൽ നിറമുള്ള കുറുകിയ വാലോടുകൂടിയ നീർപക്ഷിയാണ് നാടൻ താമരക്കോഴി. വെള്ളത്തിന്റെ ഉപരിതലത്തിൽ പൊന്തി നിൽക്കുന്നതും അല്ലാത്തതുമായ ജലസസ്യങ്ങളുടെ മീതെ അനായാസേന നടക്കുന്നു. ഇവ വെള്ളത്തിനരികിൽ കാണുന്ന പുല്ലുകളുടേയും ജലസസ്യങ്ങളുടേയും ഇടയിൽ ലോലമായ കൂടുകൂട്ടുന്നു.

## നീലക്കോഴി

Purple Moorhen (*Porphyrio porphyrio*)

തിളക്കമേറിയ തൂവലുകളും, തടിച്ച കാലും വലിയ പാദവും, ചുവന്ന കൊക്കും, നെറ്റിയിൽ കവചവും കോഴിയുടെ വലിപ്പവുമുള്ള നീലക്കോഴിയ്ക്ക് വയലറ്റ് കലർന്ന നീല നിറമുള്ള ദേഹവും കുറുകിയ വെള്ള വാലും, പച്ച കലർന്ന നീല നിറമുള്ള ചിറകുകളും ഉണ്ട്. വലിയ കൂട്ടമായി കാണപ്പെടുന്ന ഇവ സസ്യഭുക്കുകളാണെങ്കിലും മറ്റു ചെറുജീവികളെയും ഭക്ഷിക്കുന്നു. ആഴംകുറഞ്ഞ ജലത്തിനരികിൽ ഉയർന്നു തിങ്ങിയ സസ്യങ്ങളുടെ ഇടയിൽ മറയ്ക്കപ്പെട്ട രീതിയിലാണ് ഇവയുടെ കൂട്.


ചെറിയ നീർകാക്ക


കുളക്കോഴി


ചേരക്കോഴി


കുളകൊക്ക്


കാലിമുണ്ടി


ചായമുണ്ടി


നാടൻ താമരക്കോഴി


നീലക്കോഴി

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്
എൽ 14, ജയ് നഗർ, മെഡിക്കൽകോളേജ് പി. ഒ.
തിരുവനന്തപുരം 695011 ഫോൺ: 04712554740
www.keralabiodiversity.org
keralabiodiversity@gmail.com

# കേരളത്തിലെ നീർപക്ഷികൾ



കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്